(Pages : 4)

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

**R – 2238**

Reg. No. : .............................

Name : .................................

# Fourth Semester B.A. Degree Examination, July 2023

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course IV

## ML 1441 : മലയാളകവിത പൂർവ്വഘട്ടം

## (2018-2020 Admission)

Time : 3 Hours                                                                 Max. Marks : 80

I. ഒറ്റ വാക്കിലോ  വാക്യത്തിലോ ഉത്തരമെഴുതുക.

1. പാട്ടിന് ലീലാതിലകകാരൻ നൽകുന്ന ലക്ഷണമെന്ത്?

2. ചോകിരം ഗ്രാമത്തെ വർണ്ണിക്കുന്ന പ്രാചീന ചമ്പുവേത്?

3. 'കാന്താരതാരകം' വ്യാഖ്യാനം ഏതു കൃതിയുടേതാണ്?

4. 'മുണ്ടയ്ക്കൽ സന്ദേശം ഒരു മുഴുത്ത ചിരി' എന്ന ലേഖനത്തിൽ പരാമർശിക്കുന്ന മുഖ്യ സന്ദേശ കാവ്യമേത്?

5. 'അമ്പത്തൊന്നക്ഷരാളീ ....' എന്നു തുടങ്ങുന്ന പ്രസിദ്ധ ശ്ലോകം ഏതു കൃതിയിലേതാണ്?

6. കുചേലവൃത്തം വഞ്ചിപ്പാട്ടിൽ പരാമൃഷ്ടനായ തിരുവിതാംകൂർ മഹാരാജാവ്.

7. ഉമാകേരളം മഹാകാവ്യം രചിച്ചതാര്?

P.T.O.

8. ‘മനുജാതിയിൽത്തന്നെ പലവിധം

മനസ്സിന്നുവിശേഷമുണ്ടോർക്കണം’

- ഏതു കവിതയിലെ വരികൾ?

9. നളകഥ, മഹാഭാരതത്തിലെ ഏതു പർവ്വത്തിലാണ് ഉൾക്കൊള്ളുന്നത്?

10. ‘കോപമാകുന്നതു വിത്തെന്നറിയണം

പാപമാകുന്ന മരാമത്തിന്നെടോ’ എന്ന് ഗാന്ധാരിയെ ഉപദേശിക്കുന്നതാര്?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരം എഴുതുക.**

11. പാട്ടിന്റെ ലക്ഷണത്തിലെ വൃത്തവിശേഷം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

12. ‘കുങ്കുമത്തിന്റെ ഗന്ധമറിയാതെ

കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം’ - സൂചിതമെന്ത്?

13. ഞാനിന്നിക്കാര്യത്തെ സാധിച്ചു ചെല്ലുമ്പോൾ

മാനിച്ചുചൊന്നതു നൽകുംനാഥൻ - വിവക്ഷിതമെന്ത്?

14. ‘മുല്ലപ്പൂവിൻ പരിമളമെഴും തെന്നൽ തീയെന്റപോലെ’ - അനുഭവപ്പെട്ടതാർക്ക്? സാരസ്യം വ്യക്തമാക്കുക.

15. ‘വഞ്ചിതമായതു വഞ്ചനം ചെയ്കിലോ

വഞ്ചകനാമല്ലോ ഞാനുഞ്ചെമ്മേ’ - സന്ദർഭവും സൂചിതവും വ്യക്തമാക്കുക.

16. ‘വാഴപ്പഴം താനശിപ്പാൻ കരയുന്ന

ബാലക്കിടാങ്ങളെപ്പോലെ തുടങ്ങൊലാ’ എന്ന ധൃതരാഷ്ട്രരെ ഉപദേശിക്കുന്നതാര്? സന്ദർഭമേത്?

17. ചമ്പൂഗദ്യത്തിന്റെ പൊതുസ്വഭാവമെന്ത്?

18. 'പഴുതേ ഞാനെന്തേ പലവക പറഞ്ഞു കേൾപ്പിക്കുന്നു' - പുഷ്കരൻ കലിയോടു പറഞ്ഞതെന്തെല്ലാം?

19. മുക്തകങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.

20. 'ഖേദം വരുത്തുകയില്ല ഞാനാർക്കുമേ' എന്ന ശ്രീകൃഷ്ണൻ പറയാനിടയായ സാഹചര്യമെന്ത്?

21. 'പ്രാണനാശത്തിനെക്കാളും സങ്കടമിപ്പരിഹാസം' - സൂചിതമെന്ത്?

22. 'നീർപ്പോളപോലെയുള്ളൊരു ദേഹത്തിൽ
വീർപ്പുമാത്രമുണ്ടിങ്ങനെ കാണുന്നു'
- ആശയം വ്യക്തമാക്കുക.

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു വാക്കിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരം എഴുതുക.**

23. ഉണ്ണുനീലിസന്ദേശത്തിലെ പ്രഭാതവർണ്ണനയുടെ ചാരുത വെളിപ്പെടുത്തുക.

24. ജ്ഞാനപ്പാനയിലെ സാമൂഹികവിമർശനത്തിന്റെ സവിശേഷത വ്യക്തമാക്കുക.

25. 'വാഴ്‌വും ദൈവഗതിക്കുനീക്കമൊരുനാളുണ്ടോ' - ആശയം വിശദമാക്കുക.

26. ഉമാകേരളത്തെക്കുറിച്ച് വിവരണം തയ്യാറാക്കുക.

BISHOP MOORE COLLEGE LIBRARY MAVELIKARA PIN: 690110 KERALA

27. ധൃതരാഷ്ട്രരെ ആശ്വസിപ്പിക്കുവാൻ വിദുരർ പറഞ്ഞതെന്തെല്ലാം?

28. ശ്രീകൃഷ്ണനെ കാണാൻ പുറപ്പെട്ട കുചേലന്റെ ചിന്തകളെന്തെല്ലാം?

29. 'ദുഷ്കരമായിട്ടൊന്നുമില്ല കേൾ
മത്സഹായമുണ്ടായാലേവനും' - വിവക്ഷിതമെന്ത്?

30. വൃദ്ധന്മാരായോർ കളിച്ചു തുടങ്ങിനാൽ
മുഗ്ദ്ധരാം ഞങ്ങളിന്നെന്തുവേണ്ടൂ - സൂചിതം വ്യക്തമാക്കുക.

31. 'മകളരിൽ മുകളേറും പക്ഷപാതാതിരേകം' - സാരസ്യമെന്ത്?

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. നളചരിതം ആട്ടക്കഥയുടെ ഭാഷാപരവും സാഹിത്യപരവുമായ സവിശേഷത വ്യക്തമാക്കുക.

33. ചെറുശ്ശേരിയുടെ വർണ്ണനാപാടവം വത്സസ്തേയത്തിൽ പ്രകടമാകുന്നതെങ്ങനെ?

34. സഭാപ്രവേശത്തെ ആധാരമാക്കി, നമ്പ്യാർക്കവിതയുടെ സവിശേഷത വ്യക്തമാക്കുക.

35. രാമചരിതം ലക്ഷണമൊത്ത പാട്ടുകൃതിയാണോ? പരിശോധിക്കുക.

**(2 × 15 = 30 Marks)**

---